**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1246** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഡിജിറ്റൽ പഠന സൗകര്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഡിജിറ്റൽ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്കായി അനുവദിച്ചിട്ടുള്ള തുകയും ഇതുവരെയുള്ള പുരോഗതിയും വിശദമാക്കാമോ?

**<u>മറുപടി:</u>** ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഡിജിറ്റൽ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേരള സർവകലാശാലയിൽ പി. എം. ഉഷ പദ്ധതിയിൽ സോഫ്റ്റ് കോംപോണന്റ് വിഭാഗത്തിലെ 35-ാം ഇനമായ 'Up gradation of Existing Information Management System' എന്നതിന് 20 ലക്ഷം രൂപയും, എക്വിപ്മെന്റ് വിഭാഗത്തിലെ 47 മുതൽ 53 വരെ വിവിധ ഇനങ്ങളിൽ, സെൻട്രൽ ലബോറട്ടറി ഫോർ ഇൻസ്ട്രുമെന്റേഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്ററിലെ ഇ-കണ്ടെന്റ് ഡെവലപ്മെന്റ് ലാബിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് 46,50,000 രൂപയും 54-ാം ഇനമായി 'AI Integrated Learning Management Website Platform' എന്നതിന് 45 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തന നടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി നിർദ്ദേശപ്രകാരം ഡിജിറ്റൽ പഠന സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന പദ്ധതികളും സർവ്വകലാശാല ശുപാർശ ചെയ്തിട്ടുണ്ട്.

- Digitalising Admissions & Campus Management System
- University MOOC Development
- Campus Internet & Intranet Maintenance
- Smart Campus
- Content Development

മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളിലൂടെ സർവകലാശാലയുടെ ഡിജിറ്റൽ പഠന-ഗവേഷണ അന്തരീക്ഷം മെച്ചപ്പെടുത്തുക, ഭരണപര കാര്യക്ഷമത വർധിപ്പിക്കുക, ഇ-ലേണിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ഗവേഷണ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക, ആഗോള നിലവാരത്തിലുള്ള വിദ്യാഭ്യാസ വിഭവങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**